ESTD:1976

കാരവൽ

1196 തുലാം 21, 1442 റ.അവ്വൽ 20, 2020 നവംബർ 6 വെള്ളി

കോവിഡ്: മുൻകരുതലുകൾ ഉറപ്പാക്കണം

കോവിഡ്, വ്യക്തി ജീവിതത്തിൽ ഒരുപാടു മുൻകരുതലുകളും മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ജാഗ്രതയും ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ സാമൂഹ്യ ജീവിതത്തിൽ അതിനനുസരിച്ചുണ്ടാവേണ്ട മുൻകരുതൽ ജാഗ്രതകൾ പാലിക്കുന്നതിൽ കാസർകോടു മുൻസിപ്പാലിറ്റി അക്ഷന്തവ്യമായ അവഗണന തുടരുന്നു. കോവിഡല്ല, ഇനി അതിനെക്കാൾ ഭീകരമായ പകർച്ചവ്യാധികൾ ഉണ്ടാകുന്നുവെങ്കിൽ അതും ഉണ്ടായിക്കോട്ടെ എന്ന കുറ്റകരമായ നിസ്സംഗതയാണ് മുനിസിപ്പൽ അധികൃതർ തുടരുന്നത്.

കോവിഡ് ഭീഷണി നിലനിൽക്കുന്നുണ്ടെങ്കിലും ജനങ്ങൾ സാധാരണ ജീവിതത്തിലേക്ക് അതിവേഗം മടങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ ടൗണിലെ പ്രധാന കേന്ദ്രങ്ങളായ പഴയ ബസ്സ്റ്റാന്റ് പരിസരം, പുതിയ ബസ്സ്റ്റാന്റ് പരിസരം എന്നിവിടങ്ങളിൽ ഭക്ഷ്യാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിയ ചാക്കുകളിൽ നിറച്ച് അട്ടിയിട്ടിരിക്കുന്നു. ചാക്കുകളുടെ സ്വഭാവമനുസരിച്ച് അതു സാധാരണക്കാരോ, കിടപ്പാടം പോലുമില്ലാത്തവരോ കൊണ്ടുവന്നു തള്ളിയതല്ല എന്നുറപ്പാണ്. മാത്രമല്ല, ശക്തിയും സ്വാധീനവുമുള്ളവരാണ് ഈ സാമൂഹ്യദ്രോഹത്തിനു പിന്നിലെന്ന സൂചനയും നൽകുന്നു. അത് ആരായിരിക്കും എന്ന് മുൻസിപ്പൽ അധികൃതർക്കും അറിവുണ്ടാവുമെന്നും ജനങ്ങൾ കരുതുന്നു. എന്തായാലും ഇപ്പോഴത്തെ സാഹചര്യത്തിൽ പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതും ജനങ്ങൾക്കാകെ അസ്വസ്ഥതയും ശല്യവും ആരോഗ്യ ഭീഷണിയും ഉണ്ടാക്കുന്നതും കടുത്ത കുറ്റമാണ്.

ടൗണിൽ മാലിന്യം വലിച്ചെറിയുന്നതു കണ്ടെത്താനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും കർശന നടപടികൾ കൊണ്ടേ കഴിയൂ. എന്നാൽ നടപടികളെടുക്കേണ്ടവർ അതിനു തയ്യാറാവുന്നില്ല.

കോവിഡ് നിയന്ത്രണങ്ങളെത്തുടർന്നു ടൗൺ മുഴുവൻ മാത്രമല്ല, റോഡായ റോഡുകളൊക്കെ മിനി മാർക്കറ്റുകളായിരിക്കുകയാണ്. മീനും പച്ചക്കറികളും ഭക്ഷണ സാധനങ്ങളും ഗൃഹോപകരണങ്ങളും തുടങ്ങി ആളുകൾക്ക് അത്യാവശ്യമുള്ള സാധനങ്ങളെന്തും തെരുവിൽ കിട്ടുന്നു. അവശ്യക്കാർക്ക് ഇത് നല്ലതാണ്. എന്നാൽ ഇത്തരത്തിൽ കൊണ്ടുവന്നു വിൽക്കുന്ന പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നില്ല. പഴവർഗ്ഗങ്ങൾ വാങ്ങിക്കൊണ്ടുപോവുന്നവർ അതു ഭക്ഷിക്കുന്നതിനു മുമ്പു തന്നെ ചീഞ്ഞുപോവുന്നു. അല്ലാത്തവ പാറപോലെ ഉറപ്പുള്ളതായി മാറുന്നു. പഴവർഗ്ഗങ്ങളും പച്ചക്കറി സാധനങ്ങളും നശിക്കാതിരിക്കാൻ അതിൽ വിഷദ്രാവകങ്ങൾ കുത്തിവയ്ക്കുന്നതു മൂലമാണ് ഇത്തരത്തിൽ സംഭവിക്കുന്നതെന്ന് ആരോപണമുണ്ട്. എന്നാൽ ഇതൊക്കെ പരിശോധിക്കാനും മായം ചേർക്കൽ കണ്ടുപിടിക്കാനുമുള്ള സംവിധാനങ്ങളും നിശ്ചലമാണ്. ഈ രംഗത്തും കൈയ്യൂക്കുള്ളവർ കാര്യസ്ഥന്മാരാവുന്നു.

ഉപജീവനത്തിനു വേണ്ടിയാണ് തെരുവു കച്ചവടം എന്നതിൽ ന്യായീകരണമൊന്നുമില്ല. എല്ലാവരും തെരുവു വീഥികളിൽ വ്യാപാരമാരംഭിച്ചാൽ ആർക്കാണ് റോഡിലൂടെ സഞ്ചരിക്കാൻ കഴിയുക? ഇതറിഞ്ഞു ജീവിക്കാൻ പ്രയാസമുണ്ടെങ്കിലും മിക്ക ആളുകളും അതിൽ നിന്നു മാറിനിൽക്കുന്നു. കുറച്ചു പേർ ധൈര്യപൂർവ്വം തെരുവു കച്ചവടത്തിനിറങ്ങുന്നു.

നുള്ളിപ്പാടിയിൽ പച്ചക്കറി വിൽക്കുന്ന ഒരു സ്ഥാപനം എല്ലാ ദിവസവും രാവിലെ സ്ഥാപനം പ്രവർത്തന സജ്ജമാക്കിയ ശേഷം ചീഞ്ഞളിഞ്ഞ പച്ചക്കറികളും പഴവർഗ്ഗങ്ങളും തൊട്ടുമുമ്പിലെ ദേശീയപാതയിൽ വലിച്ചെറിയുന്നു. കുറേക്കാലമായി ഇതു തുടരുന്നു. ജില്ലാധികൃതരും ഭരണ വിലാസക്കാരും ഭരണക്കാരുമൊക്കെ ഈ റോഡിലൂടെ തേരാപ്പാരാ ഓടുന്നുണ്ട്. അവർ കണ്ടഭാവം പോലും നടിക്കുന്നില്ല. തെരുവു കച്ചവടക്കാരൻ തന്റെ സ്വഭാവം മാറ്റുന്നുമില്ല. സമൂഹം എങ്ങനെ ബുദ്ധിമുട്ടിയാലും അയാൾക്കൊരു പ്രശ്നവുമില്ല. റോഡ് സൈഡുകളിലെ മീൻ കച്ചവടവും ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്.

ആരുടെയും ഉപജീവനമാർഗ്ഗം തടസ്സപ്പെടരുത്. അതേസമയം അയാൾ ചെയ്യുന്നതു മറ്റാർക്കും ദ്രോഹമാവുകയും ചെയ്യരുത്. സ്വന്തം കാര്യത്തിനു വേണ്ടി ഒരാൾ സാമൂഹ്യദ്രോഹം ചെയ്താൽ അയാളെ തിരുത്താൻ അതിനു നിയോഗിക്കപ്പെട്ടവർ തയ്യാറാവണം. തയ്യാറായേ തീരു.

അതീവ ജാഗ്രത പാലിക്കാൻ കോവിഡ് മുന്നറിയിപ്പു നൽകുമ്പോൾ അത് അവഗണിക്കുന്നവരെ സാമൂഹ്യ വിരുദ്ധരായിത്തന്നെ കാണണം. ആ തരത്തിൽ നടപടിയുമുണ്ടാവേണ്ടതാണ്.

പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തു

കാഞ്ഞങ്ങാട്: കാലിച്ചാനടുക്കം ഗവൺമെന്റ് ഹൈസ്ക്കൂളിൽ കാസർകോട് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയായ വസുധ പച്ചത്തുരുത്തിന്റെ ഉദ്ഘാടനം കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി കുഞ്ഞിക്കണ്ണൻ നിർവഹിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ ഭൂപേഷ് ആധ്യക്ഷം വഹിച്ചു. വാർഡ് മെമ്പർ മുസ്തഫ തായന്നൂർ സ്വാഗതം പറഞ്ഞു. എം അനീഷ് കുമാർ, എം.പി സുബ്രമഹ്മണ്യൻ, ബാലകൃഷ്ണ ആചാര്യ, ഷേർളി ജോർജ്, ടി വി ജയചന്ദ്രൻ, സി മധു, എം.വി ആശ, കെ വി പത്മനാഭൻ, വി.കെ ഭാസ്കരൻ, പി പ്രമോദിനി, റീന വി, കെ സന്തോഷ്, കെ രവി എന്നിവർ സംസാരിച്ചു.

പച്ചത്തുരുത്തിന്റെ ഉദ്ഘാടനം കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി കുഞ്ഞിക്കണ്ണൻ നിർവഹിക്കുന്നു

സ്ത്രീപക്ഷം

അവൾ കൗസല്യയല്ല, കൗസുവുമല്ല; മിസിരിയ കൗസുവാണ്

കൂക്കാനം റഹ്മാൻ

വാസുദേവന്റെ അനാദിക്കടയുടെ തൊട്ടടുത്ത മുറിയിലാണ് ദാസന്റെ തയ്യൽക്കട. പൊടി മീശക്കാരനാണ്. സദാ ചിരിച്ചു കൊണ്ടിരിക്കും. സാൻഡോ ബനിയൻ മാത്രമേ തയ്യൽ പണിയെടുക്കുമ്പോൾ ധരിക്കൂ. മുണ്ട് മാടിക്കുത്തി, ചുമലിൽ അളവ് ടേപ്പ് ഇരുവശത്തേക്കും താണുകിടക്കത്തക്ക രീതിയിൽ ഇട്ടിരിക്കും. എപ്പോഴും കണ്ണ് മെഷീനിൽ തന്നെയാണെങ്കിലും റോഡിലൂടെ കടന്നു പോകുന്ന സകലരേയും നോക്കിക്കാണാൻ അതിസമർത്ഥനാണ് ദാസൻ. റോഡിലൂടെ കടന്നു പോകുന്ന സ്കൂൾ കുട്ടികളെ നോക്കി കമന്റ് പാസാക്കുന്നതിലും മിടുക്കനാണ് മോഹൻദാസ് എന്നു പേരുള്ള ദാസൻ. ഹൈസ്ക്കൂളിൽ പഠിക്കുന്ന കൗസല്യ കടയുടെ സമീപം വരെ കൂട്ടുകാരികളുടെ ഒന്നിച്ചുണ്ടാകും. കടയുടെ വളവിലെത്തുമ്പോൾ എന്തെങ്കിലും കാരണം പറഞ്ഞ് കൂട്ടുകാരികളെ ഒഴിവാക്കും. എന്നിട്ട് കടയുടെ മുമ്പിലൂടെ കുണുങ്ങി കുണുങ്ങി ഒരു നടത്തമുണ്ട്. അവൾക്ക് ദാസനെ കാണണം. ഒരു നോക്ക്. ഒരു ചിരി. അവൾക്ക് സന്തോഷമാവും.

കൗസല്യയുടെ എസ്.എസ്.എൽ.സി റിസൾട്ടറിഞ്ഞ ദിവസം അവൾ കടയിലേക്കു ചെന്നു. കൈയ്യിൽ മിഠായിയും കരുതിയിട്ടുണ്ടായിരുന്നു. വാസുദേവേട്ടന് മിഠായി നൽകി. ദാസേട്ടന്റെ അടുത്തേക്ക് ചെന്നു. ദാസേട്ടന് മിഠായി നൽകലായിരുന്നു ലക്ഷ്യം. ദാസേട്ടന്റെ നേരെ കൈവെള്ളയിൽ വെച്ച മിഠായി നീട്ടി. ചെറു പുഞ്ചിരിയോടെ മിഠായി എടുക്കുമ്പോൾ അവളുടെ കൈവെള്ളയിൽ ഒരു നുള്ള് വെച്ചു കൊടുത്തു. 'ഹാവൂ' കൗസു കൈകുടഞ്ഞു. 'വേദനിച്ചോ'? സ്നേഹത്തോടെയുള്ള ചോദ്യം കേട്ട് കൗസു ഒന്നും മിണ്ടാതെ നിന്നു. കടയിൽ മറ്റാരുമില്ലാത്ത സമയമായിരുന്നു അത്. ദാസൻ മെഷീന്റെ അടുത്ത് നിന്ന് എഴുന്നേറ്റ് കട്ടിംഗ് ടേബിളിൽ കൈയ്യൂന്നി കൗസുവിന് അഭിമുഖമായി നിന്നു. 'നിന്നെ എനിക്കിഷ്ടമാണ്.' അവൾ മറുപടി പെട്ടെന്ന് പറഞ്ഞു. 'എനിക്കും'. 'ഞാൻ വരുന്ന ആഴ്ച ഗൾഫിൽ പോവുകയാണ് അവിടുന്ന് നല്ലൊരു ഓഫർ വന്നിട്ടുണ്ട്. രണ്ടു വർഷം കഴിഞ്ഞ് തിരിച്ചു വരും എന്നിട്ട് നിന്നെ കെട്ടും.' 'തീർച്ചയാണോ?' അവൾ തിരിച്ചു ചോദിച്ചു. 'തീർച്ചയായും, ഞാൻ വിളിക്കും. കത്തയക്കും. മറുപടിക്ക് കാത്തു നിൽക്കും.'

കൗസു കടയുടെ ഗേറ്റ് കടന്ന് പുറത്തെത്തി. ഒന്നു കൂടി തിരിഞ്ഞു നോക്കി. അപ്പോഴും ദാസൻ ഒരേ നിൽപായിരുന്നു. കാലം വളരെ പെട്ടെന്ന് കടന്നു പോയ്ക്കൊണ്ടിരുന്നു. വീടിന്റെ മുറ്റത്തെ കോളാമ്പി പൂവിൽ മഞ്ഞക്കിളി വന്ന് തേൻ നുകരുന്നത് കൗസു ശ്രദ്ധിച്ചു. മഞ്ഞക്കിളിയുടെ കൂട്ടുകാരൻ എവിടെയായിരിക്കും? ചിലപ്പോൾ അരികിൽ തന്നെ ഉണ്ടാകും, അല്ലെങ്കിൽ തേൻ തേടി എവിടെയോ പറന്നു നടപ്പുണ്ടാവും. വീടിന്റെ മുറ്റത്ത് എന്നും വരുന്ന കറുത്ത പൂച്ചയുണ്ട്. ആരോ തിളച്ച വെള്ളമൊഴിച്ച് ദേഹത്ത് വ്രണമായിട്ടുള്ളത് ഉണങ്ങിയിട്ടുണ്ട്. കറുമ്പി പെൺപൂച്ച അടുത്ത പറമ്പിൽ നിന്ന് മതിൽ ചാടി ഒരു ആൺ പൂച്ച വരുന്നത് ശ്രദ്ധിച്ചു. അവൻ വിരൂപിയായ കറുമ്പിയെ ശ്രദ്ധിക്കാതെ നടന്നു പോയി. അതിനടുത്ത പറമ്പിലെ സുന്ദരിയായ വെളുമ്പിപ്പൂച്ചയുടെ സമീപത്ത് നിൽക്കുന്നത് കൗസു ശ്രദ്ധിച്ചു. ഇങ്ങിനെയല്ലെ ചില പുരുഷൻമാരും. സുന്ദരികളായ സ്ത്രീകളെ കണ്ടാൽ അവരോട് കൂട്ടുകൂടും. കൗസുവിന്റെ ചിന്ത ഇങ്ങിനെ ഓരോ വഴിക്ക് നീങ്ങുകയായിരുന്നു. പ്ലസ്ടു പഠനം കഴിഞ്ഞു. കൗസു പതിനെട്ടിലെത്തി. അവളുടെ ചിന്തയെന്നും കടലിനപ്പുറത്തേക്കു തന്നെ. പ്രതീക്ഷയാണെല്ലാം. വിജയിക്കുക തന്നെ ചെയ്യുമെന്ന് അവൾക്കുറപ്പുണ്ട്. അമ്മ മാത്രമെ കൂട്ടിനുള്ളൂ. ഒരു കൊച്ചു വീട് പത്തു സെന്റ് സ്ഥലവും. അമ്മയുടെ കഠിനാധ്വാനമാണ് ഇവിടം വരെ എത്തിച്ചത്. കൗസുവിനെ ആരെയെങ്കിലും ഏൽപ്പിച്ചിട്ടു വേണം സമാധാനമായി ജീവിക്കാൻ. ഭയമാണ് അമ്മയ്ക്ക് ഒളിച്ചോടുന്ന പെൺകുട്ടികൾ, ലൈംഗീകാതിക്രമത്തിന് വിധേയരാവുന്ന പെൺകുട്ടികൾ, ഈ ചിന്തകളൊക്കെ അമ്മയെ എന്നും വേട്ടയാടി കൊണ്ടിരിക്കും. എന്റെ മകൾക്ക് അങ്ങിനെയൊന്നും സംഭവിക്കല്ലേയെന്ന പ്രാർത്ഥനയാണെന്നും ..

അത്തറിന്റെ മണം മൂക്കിലേക്ക് അടിച്ചു വന്നപ്പോൾ വാതിൽ തുറന്ന് പുറത്തേക്ക് നോക്കിയ കൗസു അൽഭുതപ്പെട്ടുപോയി. അതാ നിൽക്കുന്നു ദാസേട്ടനും പെങ്ങളും പുറത്ത്. ഒരു വിവരവും പറയാതെ കടന്നു വന്നതാണ്. കൈയ്യിൽ സമ്മാനപ്പൊതിയുണ്ട്. അമ്മയോട് ഓടിപ്പോയി പറഞ്ഞു. വന്നവരെ അകത്തു കയറി ഇരിക്കാൻ ക്ഷണിച്ചു. പെങ്ങളാണ് സമ്മാനപ്പൊതി കൗസുവിനെ ഏൽപിച്ചത്. സൽക്കരിക്കാൻ കഴിയാത്തത് കൗസുവിന്റെ മുഖത്ത് മ്ലാനതയുണ്ടാക്കി. ഓരോ ഗ്ലാസ് ചായ മാത്രം ഉണ്ടാക്കി നൽകി. ദാസൻ തന്നെയാണ് മുഖവുരയില്ലാതെ അമ്മയോട് കാര്യം പറഞ്ഞത്. 'എനിക്കു ഒരു മാസത്തെ ലീവേയുള്ളൂ. അതിനിടയിൽ ഞങ്ങളുടെ വിവാഹം നടക്കണം. അമ്മ സമ്മതം തരണം. ആർഭാടമൊന്നും വേണ്ട. ക്ഷേത്രാങ്കണത്തിൽ വെച്ച് അടുത്ത ബന്ധുക്കളുടെ സാനിധ്യത്തിൽ മതി വിവാഹം'. അമ്മയ്ക്ക് സമ്മതമായി. കൗസു അതിനെക്കാളേറെ സന്തോഷിച്ചു. പറഞ്ഞ പ്രകാരം വിവാഹം നടന്നു കേവലം രണ്ടാഴ്ചയേ ദാസൻ ഒപ്പമുണ്ടായിരുന്നുള്ളു. സന്തോഷകരമായ അല്പ നാളുകൾ. പക്ഷേ, അപ്പോഴേക്കും കാര്യം നടന്നിരുന്നു. ഗൾഫിൽ എത്തിയ ശേഷം ആ സന്തോഷ വാർത്ത പങ്കിട്ടു. ദാസനും സന്തോഷമായി. ആദ്യത്തേത് ആണായിരിക്കണമെന്നാണാശിച്ചത്. പെണ്ണായി പോയി. എങ്കിലും ഒരു സുന്ദരിക്കുട്ടിയെ കിട്ടിയതിൽ രണ്ടു പേർക്കും സന്തോഷമുണ്ടായി. ദാസൻ പല തവണ നാട്ടിൽ വരികയും പോവുകയും ചെയ്തു. മോൾക്ക് നാല് വയസ്സായി. സ്വന്തമായി ഒരു വീട് വേണമെന്ന ചിന്ത രണ്ടു പേർക്കുമുണ്ടായി. കുന്നിൻ ചെരുവിൽ അര ഏക്കർ സ്ഥലം വാങ്ങി. വീടു പണി ആരംഭിച്ചു. എല്ലാം കൗസു തന്നെയാണ് നടത്തിയത്. പണത്തിന് കുഴപ്പമൊന്നുമുണ്ടായില്ല.

അവരെടുത്ത സ്ഥലത്തിന് തൊട്ടടുത്തായി ഒരമ്മയും മകനും മന്ദബുദ്ധിയായ പെങ്ങളും താമസമുണ്ടായിരുന്നു. വീടു പണിക്ക് സഹായിയായി ആ ചെറുപ്പക്കാരനെ കിട്ടിയത് കൗസുവിന് സൗകര്യമായി. പണിക്കു വന്നവർക്ക് ഭക്ഷണമുണ്ടാക്കുന്ന കൂട്ടത്തിൽ അവന്റെ അമ്മയ്ക്കും പെങ്ങൾക്കുള്ള ഭക്ഷണവും കൗസു എത്തിച്ചു കൊടുക്കും. ദാസൻ പാർസലായി അയക്കുന്ന സാധനങ്ങളിൽ മുകുന്ദൻ എന്ന പേരുള്ള ആ ചെറുപ്പക്കാരനും ചിലത് സമ്മാനമായി കൗസു നൽകും. ദാസൻ നാട്ടിലേക്കു വന്നപ്പോൾ ഇവർ തമ്മിലുള്ള ബന്ധത്തിൽ സംശയമായി. കൗസുവിന് ഇരുപത്തിയഞ്ച് വയസ്സു കഴിഞ്ഞു കാണും. മുകുന്ദനാണെങ്കിൽ കേവലം പത്തൊമ്പതുകാരനും.. അവർ തമ്മിലുള്ള സ്നേഹബന്ധം കേവലം സഹോദരീ-സഹോദര ബന്ധം മാത്രമായിരുന്നു. ദാസൻ കൗസുവിനെ മുകുന്ദനുമായി തെറ്റിക്കാൻ ഒരു പണി ചെയ്തു. വീടു നിർമ്മാണത്തിന് സിമന്റും മറ്റ് സാധനങ്ങളും വാങ്ങിയ കടയിൽ ഒന്നരലക്ഷം രൂപ കൊടുക്കാൻ ബാക്കി ഉണ്ടായിരുന്നു. അതു കൊടുത്തതാണെന്ന് ദാസനും, കിട്ടിയില്ലെന്ന് കടക്കാരനും പറയുന്നു. പ്രസ്തുത തുക കൊടുക്കുന്നതായി കണ്ടെന്ന് മുകുന്ദനോട് പറയിക്കണം. കടക്കാരന്റെ മുന്നിൽ വെച്ച് അങ്ങനെ പറയണം. അക്കാര്യം കൗസു മുകുന്ദനോട് പറഞ്ഞ് സമ്മതിപ്പിക്കണം. പക്ഷേ പാവം മുകുന്ദൻ കള്ള സാക്ഷി പറയാൻ തയ്യാറായില്ല. കൗസുവിന് അങ്ങനെ അവനെകൊണ്ട് പറയിക്കുന്നതും ഇഷ്ടമല്ല. കൗസുവും ദാസനും അതിന്റെ പേരിൽ വഴക്കായി. 'നീ അവന്റെ കൂടെ പോയ്ക്കോ' എന്ന് പറഞ്ഞ് ദാസൻ അവളെ തളളിയിട്ടു. കൗസുവിന് ഇത് സഹിക്കാൻ കഴിഞ്ഞില്ല. മകളെയുമെടുത്ത് അമ്മയുടെ അടുത്ത് ചെന്നു. രാത്രി കൂട്ടുകാരുമൊത്ത് കൗസുവിന്റെ വീട്ടിൽ വന്ന ദാസൻ കുഞ്ഞിനെയുമെടുത്ത് തിരിച്ചു വന്നു. 'ഇനി നീ എന്റെ അടുത്തേക്ക് വരേണ്ട' എന്ന് താക്കീതും കൊടുത്താണ് ദാസൻ മടങ്ങിയത്.

കൗസു ആലോചിച്ചു ഇനിയെന്തു ചെയ്യണം. മോളെ ദാസേട്ടൻ ശ്രദ്ധിക്കട്ടെ. അമ്മയ്ക്കാണെങ്കിൽ വയ്യ. ഇനി ഞാൻ അങ്ങോട്ടേക്കില്ല. അഭിമാനിയാണ് കൗസു. അടുത്ത ദിവസം വീട്ടിൽ നിന്നിറങ്ങിയതാണ്. കൈയ്യിൽ കിട്ടിയ ഒന്നു രണ്ടു ഡ്രസ്സുമായാണ് യാത്ര. സ്റ്റേഷനിൽ എത്തി. തെക്കോട്ട് പോകുന്ന വണ്ടിയിൽ കയറി ടിക്കറ്റില്ല. കോട്ടയത്ത് എത്തിയപ്പോൾ ചെക്കിങ്ങ് ഉണ്ടായി. ടിക്കറ്റില്ലാത്തതിനാൽ ഇറക്കി വിട്ടു. വിശപ്പുണ്ട്. തല കറങ്ങുന്നതു പോലെ തോന്നി. റോഡിലേക്കിറങ്ങി. അതു മാത്രമേ ഓർമ്മയുള്ളൂ. റോഡിൽ നിന്ന് വാഹനമിടിച്ചതാണ്. ഇപ്പോൾ കോട്ടയത്തെ ഒരു സർക്കാരാശുപത്രിയിലാണുള്ളത്. പരിശോധിക്കാൻ വന്നതും ചികിൽസക്കു നേതൃത്വം കൊടുക്കുന്നതും ഡോ. എൽസമ്മ മാഡമാണ്. അവരോട് കൗസു കഥയെല്ലാം പറഞ്ഞു. ഡോക്ടറും വിധവയാണ്. സ്നേഹമുള്ള വ്യക്തിയാണ്. രോഗമെല്ലാം ഭേദമായതിനുശേഷം കൗസുവിനെ അവർ ഒരു അനാഥാലയത്തിലാക്കി. ഒരു വർഷം അവിടെ കഴിഞ്ഞു. ഡോക്ടർ അന്വേഷിക്കാൻ വരും.

കൗസുവിന്റെ വിദ്യാഭ്യാസ യോഗ്യതയും മറ്റും കണക്കിലെടുത്ത് ഡോക്ടർ സൗദിയിലേക്ക് ഒരു വിസ സംഘടിപ്പിച്ചു കൊടുത്തു. അവിടെ ഒരു ടെക്സ്റ്റൈൽ ഷോപ്പിലെ ജോലിയാണ്. കൂട്ടുകാരായി വിവിധ രാജ്യക്കാരുണ്ട്. എല്ലാവരും ഒപ്പമാണ് താമസം. ഓരോരുത്തരും അവരവരുടെ ജീവിതാനുഭവങ്ങൾ പരസ്പരം പങ്കിട്ടു. അപ്പോൾ കൗസുവിന് കുറച്ചുകൂടി ഊർജ്ജം കിട്ടി. സാമ്പത്തികമായി പിടിച്ചു നിൽക്കാമെന്ന അവസ്ഥയിലായി കൗസു നാട്ടിലെ ചില വ്യക്തികളുമായി ബന്ധപ്പെട്ടു. ദാസൻ കൗസു നാടുവിട്ടതിനുശേഷം ഒരു പെണ്ണിനെ കൂട്ടി താമസം തുടങ്ങിയതും ഗൾഫിൽ നിന്ന് ജോലി മതിയാക്കി തിരിച്ചു വന്നതും അമിതമായ തോതിൽ ഷുഗർ വന്നതിനാൽ ഒരു കാൽ മുറിച്ചു മാറ്റേണ്ടി വന്നതും മറ്റും അറിഞ്ഞു. മകൾ ഇപ്പോൾ ഹൈസ്ക്കൂളിൽ എത്തിയ വിവരവും അറിഞ്ഞു.

ജീവിതം മാറിമറിഞ്ഞതു പോലെയായി. സ്ക്കൂളിലെ ഫോൺ വഴി മകളുമായി സംസാരിക്കും. എല്ലാം പരസ്പരം പങ്കുവെക്കും. കൗസുവിനെ മിസിരിയ കൗസു എന്ന പേരിലാണ് ഗൾഫിലെ കൂട്ടുകാർ പറയുക. മകളുമായി സംസാരിച്ചപ്പോൾ ദാസൻ മരിച്ച വിവരം അറിഞ്ഞു. അങ്ങനെ പ്രവാസ ജീവിതത്തിനുശേഷം മിസിരിയ കൗസു നാട്ടിലേക്ക് തിരിച്ചെത്തി. മകൾക്ക് ഡിഗ്രിക്ക് അഡ്മിഷൻ കിട്ടി. അവർ ഒപ്പം സുഖമായി കഴിയുന്നു. പഴയ ഓർമ്മ വച്ചു കൗസു എന്നെ വിളിച്ചു. 'അസ്സലാമു അലൈക്കും' ഇതാണ് തുടക്കം തിരിച്ചു ഞാനും സലാം വീട്ടി. അപ്പോൾ പറഞ്ഞ കഥയാണിത്.

> പ്ലസ്ടു പഠനം കഴിഞ്ഞു. കൗസു പതിനെട്ടിലെത്തി. അവളുടെ ചിന്തയെന്നും കടലിനപ്പുറത്തേക്കു തന്നെ. പ്രതീക്ഷയാണെല്ലാം. വിജയിക്കുക തന്നെ ചെയ്യുമെന്ന് അവൾക്കുറപ്പുണ്ട്. അമ്മ മാത്രമേ കൂട്ടിനുള്ളൂ. ഒരു കൊച്ചു വീട്- പത്തു സെന്റ് സ്ഥലവും. അമ്മയുടെ കഠിനാധ്വാനമാണ് ഇവിടം വരെ എത്തിച്ചത്. കൗസുവിനെ ആരെയെങ്കിലും ഏൽപ്പിച്ചിട്ടു വേണം സമാധാനമായി ജീവിക്കാൻ. ഭയമാണ് അമ്മയ്ക്ക്. ഒളിച്ചോടുന്ന പെൺകുട്ടികൾ, ലൈംഗീകാതിക്രമത്തിന് വിധേയരാവുന്ന പെൺകുട്ടികൾ, ഈ ചിന്തകളൊക്കെ അമ്മയെ എന്നും വേട്ടയാടി കൊണ്ടിരിക്കും. എന്റെ മകൾക്ക് അങ്ങിനെയൊന്നും സംഭവിക്കല്ലേയെന്ന പ്രാർത്ഥനയാണെന്നും ..

സി ബി ഐക്ക് പൂട്ട്..!

സി ബി ഐയ്ക്ക് സംസ്ഥാനത്ത് സ്വമേധയാ കേസെടുത്ത് അന്വേഷണം നടത്താൻ നൽകിയിരുന്ന മുൻകൂർ അനുമതിയാണ് സർക്കാർ റദ്ദാക്കിയത്. സംസ്ഥാനം ആവശ്യപ്പെടുകയോ കോടതികൾ നിർദ്ദേശിക്കുകയോ ചെയ്യുന്ന കേസുകൾ മാത്രമേ ഇനി സി ബി ഐക്ക് ഏറ്റെടുത്ത് അന്വേഷിക്കാനാകൂ. എന്നാൽ നിലവിൽ അന്വേഷിക്കുന്ന കേസുകളിൽ സി ബി ഐക്ക് നടപടി തുടരാം.

ഇന്ത്യയിലെ പ്രധാന അന്വേഷണ ഏജൻസിയാണ് സി ബി ഐ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ. 1941–ൽ സ്ഥാപിതമായ സ്പെഷ്യൽ പൊലീസിൽ നിന്നാണ് സി ബി ഐയുടെ തുടക്കം. 1963 ഏപ്രിൽ ഒന്നിനാണ് ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ സി ബി ഐ നിലവിൽ വന്നത്.

ആന്റി കറപ്ഷൻ ഡിവിഷൻ സ്പെഷ്യൽ ക്രൈംസ് ഡിവിഷൻ, എന്നിങ്ങനെയാണ് സി ബി ഐയിലെ രണ്ട് അന്വേഷണ വിഭാഗങ്ങൾ. അഴിമതി, സാമ്പത്തിക കുറ്റകൃത്യങ്ങൾ എന്നിവയെല്ലാം സിബിഐയുടെ അന്വേഷണ വിഷയങ്ങളാവാറുണ്ട്. കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം തുടങ്ങിയ പൊതു കുറ്റകൃത്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ശുപാർശയോ സുപ്രീം കോടതിയുടെയോ ഹൈക്കോടതിയുടെയോ നിർദ്ദേശമോ ഉണ്ടെങ്കിലേ സി ബി ഐ അന്വേഷണത്തിനായി എത്താറുള്ളൂ. ഇന്റർപോളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത് സി ബി ഐയാണ്.

നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ സി ബി ഐയെ ചൊല്ലിയാണല്ലോ വിവാദം കത്തിപ്പടരുന്നത്.

ഒടുവിൽ സർക്കാർ സി ബി ഐക്ക് ഊരുവിലക്കും പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിന് സർക്കാരിനെ പ്രേരിപ്പിച്ചത് വിവാദമായ ലൈഫ്മിഷൻ പദ്ധതിയിലെ തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം സി ബി ഐ ഏകപക്ഷീയമായി ഏറ്റെടുത്തതാണ്.

സി ബി ഐയ്ക്ക് സംസ്ഥാനത്ത് സ്വമേധയാ കേസെടുത്ത് അന്വേഷണം നടത്താൻ നൽകിയിരുന്ന മുൻകൂർ അനുമതിയാണ് സർക്കാർ റദ്ദാക്കിയത്. സംസ്ഥാനം ആവശ്യപ്പെടുകയോ കോടതികൾ നിർദ്ദേശിക്കുകയോ ചെയ്യുന്ന കേസുകൾ മാത്രമേ ഇനി സി ബി ഐക്ക് ഏറ്റെടുത്ത് അന്വേഷിക്കാനാകൂ. എന്നാൽ നിലവിൽ അന്വേഷിക്കുന്ന കേസുകളിൽ സി ബി ഐക്ക് നടപടി തുടരാം.

വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിൽ ക്രമക്കേടാരോപിച്ച് അനിൽ അക്കര എം എൽ എ നൽകിയ പരാതിയിൽ കേസെടുത്തുള്ള സി ബി ഐ അന്വേഷണം സർക്കാരിനെ പ്രതിക്കൂട്ടിലാക്കിയതിന് പിന്നാലെയാണ് സി ബി ഐക്ക് നേരത്തെ നൽകിയിരുന്ന പൊതു സമ്മതം റദ്ദാക്കാൻ സർക്കാർ തീരുമാനിച്ചത്.

Government of India
CENTRAL BUREAU OF INVESTIGATION
© BCCL 2018. ALL RIGHTS RESERVED.

സർക്കാരിന്റെ സ്വപ്ന പദ്ധതിയായിരുന്നു ലൈഫ് മിഷൻ പദ്ധതി. വീടില്ലാത്തവർക്ക് വീട് നൽകുന്ന പരിപാടി. എന്നാൽ വടക്കാഞ്ചേരിയിൽ നടപ്പാക്കിയ 20 കോടിയുടെ പദ്ധതിയിൽ നാലരക്കോടിയുടെ അഴിമതി ആരോപണമുണ്ടായതാണ് പദ്ധതി വിവാദത്തിലാവാൻ കാരണമായത്. ഇതു സംബന്ധിച്ച് പ്രദേശത്തെ എം എൽ എയായ അനിൽ അക്കര സർക്കാരിന് പരാതി നൽകിയെങ്കിലും നടപടി ഉണ്ടാകാത്തതിനെതുടർന്നാണ് പരാതി സി ബി ഐയിൽ എത്തിയത്. എന്നാൽ പദ്ധതിയിൽ വിദേശ നാണയ വിനിമയ ചട്ടം ലംഘിച്ചുവെന്ന കണ്ടെത്തലിനെ തുടർന്നാണ് സി ബി ഐ നേരിട്ട് കേസെടുത്തത്. എന്നാൽ സി ബി ഐ അന്വേഷണത്തെ സർക്കാർ ശക്തിയുക്തം എതിർക്കുകയായിരന്നു. ഒടുവിൽ ഹൈക്കോടതിയിൽ എത്തിയെങ്കിലും സി ബി ഐ അന്വേഷണത്തിന് താൽക്കാലിക സ്റ്റേ അനുവദിക്കുകയായിരുന്നു. ഇതു സംബന്ധിച്ച വിവാദം നിലനിൽക്കുന്നതിനിടയിലാണ് സി ബി ഐയെ പൂട്ടാൻ പുതിയ തീരുമാനവുമായി സർക്കാർ രംഗത്തെത്തിയത്. ഡൽഹി സ്പെഷ്യൽ പൊലീസ് എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമാണ് സി ബി ഐ പ്രവർത്തിക്കുന്നത്. കേന്ദ്ര ഭരണ പ്രദേശങ്ങളിൽ കേസുകൾ അവർക്കു നേരിട്ടന്വേഷിക്കാം. സംസ്ഥാനങ്ങളിൽ അതാത് സർക്കാരിന്റെ അനുമതി വേണം. പൊലീസും നിയമ പരിപാലനവും സംസ്ഥാന വിഷയമായതാണ് കാരണം. കേരളമടക്കം മിക്ക സംസ്ഥാനങ്ങളും സി ബി ഐക്കു പൊതു അനുമതി നേരത്തെ നൽകിയിരുന്നു. അടുത്ത കാലത്ത് പശ്ചിമബംഗാൾ, രാജസ്ഥാൻ, ഛത്തീസ് ഗഡ്, ആന്ധ്രാപ്രദേശത്ത് സംസ്ഥാനങ്ങൾ സി ബി ഐക്കുള്ള പൊതു അനുമതി റദ്ദാക്കി. സി ബി ഐക്കെതിരെ ശക്തമായ നിലപാടാണ് പിണറായി സർക്കാർ സ്വീകരിച്ചു വരുന്നത്. നേരത്തെ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ സി ബി ഐ അന്വേഷണത്തിന് കോടതികൾ ഉത്തരവിറക്കിയിട്ടും അതിനെ തടയാൻ മേൽകോടതികളെ സമീപിക്കുന്ന രീതിയാണ് സർക്കാർ അടുത്ത കാലത്ത് വരെ സ്വീകരിച്ചു വന്നിരുന്നത്. ഏറ്റവുമൊടുവിലായി പെരിയയിലെ ഇരട്ടക്കൊലക്കേസ് സി ബി ഐ അന്വേഷണത്തിന് ഹൈക്കോടതി വരെ ഉത്തരവിറക്കിയിട്ടും അതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. ഇതിൽ കോടതിയുടെ തീർപ്പ് വരാനിരിക്കുന്നതേയുള്ളൂ. സി ബി ഐയെ തടയാൻ സർക്കാർ തീരുമാനിച്ചത് സ്വർണ്ണക്കടത്ത് കേസിലും വടക്കാഞ്ചേരി ലൈഫ് മിഷൻ അഴിമതിയിലും അന്വേഷണം മുഖ്യമന്ത്രിയിലേക്ക് എത്തുന്നതുകൊണ്ടാണെന്നാണ് പ്രതിപക്ഷത്തിന്റെ ആരോപണം. സി ബി ഐയെ വിലക്കുന്നത് ജനാധിപത്യ വിരുദ്ധ സമീപനമാണെന്നും പ്രതിപക്ഷം കുറ്റപ്പെടുത്തുന്നു.

യു കെ ദിനേശൻ